## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം: 296 | 20.06.2014 -ൽ മറുപടി നൽകേണ്ടത്

### മുനിസിപ്പാലിറ്റികളുടെ മാസ്റ്റർ പ്ലാൻ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ**<br>**ശ്രീ. പി. സി. വിഷ്ണുനാഥ്**<br>**ശ്രീ. ലൂഡി ലൂയിസ്** | | **ശ്രീ. മഞ്ഞളാംകുഴി അലി**<br>**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും**<br>**വകുപ്പു മന്ത്രി** |
| (എ) മുനിസിപ്പാലിറ്റികളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുക എന്ന ലക്ഷ്യത്തോടെ 'മാസ്റ്റർ പ്ലാനുകളും വിശദനഗരാസൂത്രണ പദ്ധതികളും തയ്യാറാക്കുന്നതിനുള്ള സ്കീം' സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. മുൻകാലങ്ങളിൽ സർക്കാർ അംഗീകരിച്ച പ്ലാനുകൾ ഉള്ള മുനിസിപ്പാലിറ്റികളിൽ അവ കാലാനുസൃതമായി പുതുക്കി തയ്യാറാക്കുന്നതും നിലവിൽ മാസ്റ്റർ പ്ലാനുകൾ ഇല്ലാത്ത മുനിസിപ്പാലിറ്റികൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. പദ്ധതി നടപ്പാക്കുന്നതിനായി ഇ ൗ സാമ്പത്തിക വർഷം 2217-05-001-64 എന്ന ശീർഷകത്തിൽ 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | ദീർഘകാല പരിപ്രേക്ഷ്യത്തോടെ ശാസ്ത്രീയമായി തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനുകൾ മുഖേന സംസ്ഥാനത്തെ നഗരപ്രദേശങ്ങളുടെ ആസൂത്രിതമായ സമഗ്ര വികസനം സാധ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.<br><br>15-20 വർഷ പരിപ്രേക്ഷ്യത്തോടെയാണ് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നത്. വിശദമായ പഠനവിശകലനങ്ങളിലൂടെ പ്രദേശത്തിന്റെ വികസന പ്രശ്നങ്ങളും വികസന സാധ്യതകളും വിലയിരുത്തിയും ഭാവി വികസനാവശ്യങ്ങൾ കണ്ടെത്തിയുമാണ് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നത്. |
| (സി) എത്ര മുനിസിപ്പാലിറ്റികളാണ് പ്രസ്തുത പദ്ധതി അനുസരിച്ച് നടപടികൾ സ്വീകരിച്ചിട്ടുള്ളത് ; | (സി) | സംസ്ഥാനത്തെ 65 മുനിസിപ്പാലിറ്റികളും (5 മുനിസിപ്പൽ കോർപ്പറേഷനുകളും, 60 മുനിസിപ്പൽ കൗൺസിലുകളും) |

| | |
|---|---|
| വിശദമാക്കുമോ ; | രണ്ടു ഘട്ടങ്ങളിലായി നടപ്പാക്കുന്ന ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) സമയബന്ധിതമായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കായി സർക്കാർ വിശദമായ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ജി. ഒ. (ആർ.റ്റി)നം.2766/2009/തസ്വഭവ തീയതി 24-10-2009) (ജി. ഒ (ആർ.റ്റി)നം. 2767/2009/തസ്വഭവ, തീയതി 24-10-2009 എന്നിവ) മാർഗ്ഗരേഖ പ്രകാരം അതത് നഗരസഭകളും നഗര-ഗ്രാമാസൂത്രണ വകുപ്പും സംയോജിതമായാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.<br><br>മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന്റെ പുരോഗതി ക്രമമായി സർക്കാർ തലത്തിലും, വകുപ്പുതലത്തിലും വിലയിരുത്തുന്നുണ്ട്. വകുപ്പ് മന്ത്രി നേരിട്ട് മൂന്നു തവണ പദ്ധതി പുരോഗതി വിലയിരുത്തുകയും കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പ് ഈ ആവശ്യത്തിനായി വിവിധ അവലോകനയോഗങ്ങളും നടത്തി വരുന്നു. കൂടാതെ മാസംതോറും പദ്ധതിയുടെ പുരോഗതി ചീഫ് ടൗൺ പ്ലാനറുടെ തലത്തിലും വിലയിരുത്തുന്നുണ്ട്.<br><br>മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രക്രിയ വിശദമാക്കുന്നതിന് വിവിധ പരിശീലന പരിപാടികൾ, വർക്ക് ഷോപ്പുകൾ എന്നിവ നഗര-ഗ്രാമസൂത്രണ വകുപ്പ് നടത്തുന്നുണ്ട്. കൂടാതെ മാസ്റ്റർ പ്ലാൻ സമയബന്ധിതമായി തയ്യാാക്കുന്നതിന് സഹായകമാം വിധം ടൂൾ കിറ്റുകൾ, ലഘുലേഖകൾ, പഠനസഹായികൾ എന്നിവയും (7 ടൂൾ കിറ്റുകൾ, 5 ഗൈഡ്‌ലൈനുകൾ, മാപ്പിന്റെ മാതൃകകൾ) നഗര-ഗ്രാമാസൂത്രണ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. |

Kajeem

സെക്ഷൻ ഓഫീസർ